19. ടി.ആർ.കെ.എൽ.വഴി പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതികളായ വേളി രാജ്യാന്തര ഉല്ലാസകേന്ദ്രം, വർക്കല ടൂറിസം പദ്ധതി.

20. കെ.ടി.ഡി.സി.വഴി-മുഴപ്പിലങ്ങാട്, ബേക്കൽ ബീച്ച് ക്യാമ്പ് തുടങ്ങിയ റിസോർട്ട് പ്രോജക്ടുകൾ.

21. ചെന്നൈയിൽ പുതിയ ഹോട്ടൽ പദ്ധതി.

22. കോവളത്തും കൊച്ചിയിലെ ബോൾഗാട്ടിയിലും കൺവെൻഷൻ സെന്ററുകൾ

23. മൂന്നാറിലെ ടീ കൗണ്ടിയിൽ 24 പുതിയ അഡീഷണൽ റൂമുകൾ

24. കുമരകത്തെ പക്ഷി സങ്കേത കേന്ദ്രത്തിൻ വാച്ച് ടവർ Interpretation സെന്റർ.

25. കൊച്ചി ഇന്റർനാഷണൽ മറീന പദ്ധതി.

(ഡി) പാരിസ്ഥിതിക പഠനങ്ങൾ നടത്തി ഭൂപ്രകൃതിക്കനുസരിച്ച് പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്ന തരത്തിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കിയാണ് മൂന്നാർ മേഖലയിൽ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത്. ഇതിന്റെ ഭാഗമായി ഭൂപ്രകൃതിക്ക് കോട്ടം തട്ടാത്ത തരത്തിൽ വികസന പ്രവർത്തനം നടത്തുന്നതിനായി അവിടെ സ്ലോപ്പ് അനാലിസിസ് പഠനം നടത്തിയിട്ടുണ്ട്.

## ടൂറിസ്റ്റുകളെ ആകർഷിക്കാൻ പദ്ധതി

**70 (5988)** ശ്രീ. എം. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ തന്നെ ഏറ്റവും കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന സംസ്ഥാനമാണ് കേരളം എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരളത്തിലെത്തുന്ന വിദേശ/ആഭ്യന്തര ടൂറിസ്റ്റുകളെ പാലക്കാട് ജില്ലയിലേക്കെത്തിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആണ് പാലക്കാട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ ;

(സി) പാലക്കാട് ജില്ലയിലെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതെല്ലാമെന്നും അവിടേക്ക് സ്വദേശി/വിദേശി ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം എന്നും വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) ടൂറിസം വകുപ്പ് പാലക്കാട് ജില്ലയിലെ ടൂറിസം കേന്ദ്രങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ബ്രോഷറുകൾ, സി.ഡി.കൾ എന്നിവ പാലക്കാട് ഡി.റ്റി.പി.സി. വഴി വിതരണം ചെയ്യുന്നു. കൂടാതെ ടൂറിസ്റ്റുകൾക്ക് ഇൻഫർമേഷൻ നൽകുന്നതിനായി ഡി.റ്റി.പി.സി. ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ നടത്തി വരുന്നു. പ്രധാനപ്പെട്ട ടൂറിസം സെന്ററുകളിൽ ടൂറിസ്റ്റുകളെ ആകർഷിക്കത്തക്ക തരത്തിൽ ടൂറിസം വകുപ്പിന്റെ സഹായത്തോടെ നവീകരണ പദ്ധതികളും നടത്തിവരുന്നുണ്ട്.

(സി) മലമ്പുഴ നെല്ലിയാമ്പതി, പറമ്പിക്കുളം, പാലക്കാട് കോട്ട, ഡോണി വാട്ടർ ഫാൾസ്, മീൻ വല്ലം, ശിരുവാണി ഡാം, കാഞ്ഞിരമ്പുഴ ഡാം, സൈലന്റ് വാലി, കുഞ്ചൻ നമ്പ്യാർ സ്മാരകം, മംഗലം ഡാം, പോത്തുണ്ടിഡാം അനങ്ങൻ മല എന്നിവയാണ് പാലക്കാട് ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസം ആകർഷണങ്ങൾ. മലമ്പുഴ മംഗലം ഡാം, പാലക്കാട് കോട്ട, പോത്തുണ്ടി ഡാം, അനങ്ങൻ മല, കാഞ്ഞിരമ്പുഴ ഡാം, കുഞ്ചൻ നമ്പ്യാർ സ്മാരകം എന്നിവിടങ്ങളിലൊക്കെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ടൂറിസം വകുപ്പ് നവീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ ഉൾപ്പെടുത്തി ബ്രോഷറുകൾ പുറത്തിറക്കുകയും അവ ടൂറിസ്റ്റുകൾക്കിടയിൽ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്.

## എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം

71 (5989) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'എന്റെ ഗ്രാമം ടൂറിസം സൗഹൃദഗ്രാമം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്താനായി വയനാട് ജില്ലയിൽ നിന്ന് പഞ്ചായത്തുകൾ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഏതെല്ലാം പദ്ധതികൾക്കാണ് ടൂറിസം വകുപ്പ് പണം അനുവദിച്ചത് ;

(ബി) പ്രസ്തുത പദ്ധതി പ്രചരിപ്പിക്കുന്നതിനും അംഗീകാരം നൽകുന്നതിനുമുള്ള വയനാട് ജില്ലയിലെ നോഡൽ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ അനുബന്ധ പദ്ധതിയായ 'സപര്യ'യുടെ വയനാട് ജില്ലയിലെ പുരോഗതി വിശദമാക്കുമോ ;

(ഡി) വൃത്തിഹീനവും അനാരോഗ്യകരവുമായ ചുറ്റുപാടുകൾക്ക് മാറ്റം വരുത്താൻ ആരംഭിച്ച ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതിയുടെ വയനാട് ജില്ലയിലെ പുരോഗതി വിലയിരുത്തിയിരുത്തിയിട്ടുണ്ടോ ; എങ്കിൽ തൃപ്തികരമാണോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിൽ നിന്ന് പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. പദ്ധതികൾക്കൊന്നും പണം അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly